രാഷ്ട്രീയ പ്രമാണിമാർ, ഭരണ സ്വാധീനമുള്ള ചില ആളുകൾ ഈ പെൺകുട്ടികളെ വഴിയാധാരമാക്കാൻ, അവരെ ആത്മഹത്യയ്ക്ക് ഇരയാക്കാൻ, ഇടയായിട്ടുള്ള കാര്യങ്ങൾക്ക് ഉത്തരവാദികളാണ്. അവരുടെ പേരെടുത്തു പറയുന്ന പേജുകളാണ് പറിച്ചു നീക്കം ചെയ്തിട്ടുള്ളത്. ഇത്രയും അപമാനകരമായ രീതിയിൽ നമ്മുടെ രാജ്യത്തെ സ്ത്രീകളുടെ നേരേയുള്ള ഇത്തരം പീഡനങ്ങളെക്കുറിച്ച് തുറന്നുകാണിക്കുന്ന ഗൃഹലക്ഷ്മി മാസികയുടെ പേജുകൾ പോലും പറിച്ചുകളയാൻ ഉതകുന്നവിധത്തിൽ സ്വാധീനം ചെലുത്താൻ, മാതൃഭൂമിയെപ്പോലും സ്വാധീനിക്കാൻ പോലും കഴിവുള്ള ചില പ്രമാണിമാർ ഉണ്ട്. ആ പ്രമാണിമാർ ഈ പേജുകളെ നീക്കം ചെയ്തതിനെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 'ജനയുഗം' പത്രം പുറത്തു കൊണ്ടുവന്നു. ഇതിൽ വിറളിപിടിച്ച ആ രാഷ്ട്രീയ പ്രമാണിമാർ ഭരണ സ്വാധീനമുള്ളവരാണ്. അഞ്ചാം തീയതി കൊയിലാണ്ടിയിൽവെച്ച് ആ പ്രമാണിമാർ ജനയുഗം പത്രത്തെ പരസ്യമായി കത്തിച്ചുകളയുകയുണ്ടായി. കേരളത്തിലെ പത്രപ്രവർത്തക സംഘടന ഇതിനെ ആക്ഷേപിച്ചു പ്രസ്താവന ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്ത് സ്ത്രീകൾക്കുനേരെയുള്ള പീഡനങ്ങൾക്കെതിരായി ശബ്ദമുയർത്താൻ പോലും സമ്മതിക്കില്ല. എന്നുള്ള രൂപത്തിൽ ഈ അക്രമത്തെ കാണണം. അതുകൊണ്ട് ജനയുഗം പത്രം കത്തിച്ചിട്ടുള്ള ഈ സാമൂഹ്യവിരുദ്ധൻമാർക്കെതിരായിട്ട് ശക്തമായ നടപടിയെടുക്കണം. ഈ രാജ്യത്ത് സ്ത്രീകളുടെ ചാരിത്ര്യം രക്ഷിക്കുവാനുതകുന്ന രീതിയിൽ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന കാര്യത്തിൽ പത്രങ്ങളെപ്പോലും സമ്മതിക്കില്ലെന്നുള്ളതാണ്. ഈ കയ്യേറ്റം അവസാനിപ്പിക്കാൻ പര്യാപ്തമായ രീതിയിൽ ഇതിനുത്തരവാദികളായ ബാലകൃഷ്ണൻ, രാജീവൻ തുടങ്ങിയ ആളുകളാണ് ഇത് ചെയ്തിട്ടുള്ളത്. അവർക്കെതിരായിട്ട് ശക്തമായ രീതിയിൽ നടപടി നടത്തി കേസ് ചാർജ്ജ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോൺഗ്രസുകാരായ ചില പ്രമാണിമാരാണിവർ ഇന്ദിരാകോൺഗ്രസിന്റെ ചില പ്രമാണിമാരാണ് M.L.A ശ്രീ കുട്ടാലിക്ക് പോലും അറിയാവുന്ന ആളുകളാണ് ബാലകൃഷ്ണനും, രാജീവനും. അവരാണ് ജനയുഗം പത്രം കത്തിച്ചുകളഞ്ഞത്. അവരുടെ പേരിൽ നിയമ നടപടികളെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കൊയിലാണ്ടിയിലെ സ്ത്രീകൾക്കെതിരായിട്ട് അപമാനകരമായ രീതിയിൽ ജനയുഗത്തിൽ റിപ്പോർട്ടുവന്നതിന്റെ പേരിൽ അഞ്ചാം തീയതി ഏതാനുംപേർ ചേർന്ന് ഈ പത്രത്തിന്റെ ഒരുഭാഗം കത്തിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് യാതൊരു പരാതിയും ഇതുവരെ കിട്ടിയിട്ടില്ല. അങ്ങനെ പരാതി കിട്ടിയാൽ നടപടി എടുക്കാമെന്നല്ലാതെ ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊന്നും ചെയ്യാൻ അവകാശമില്ല.

(5) ചേലോറ പഞ്ചായത്തിൽ അറസ്റ്റുചെയ്ത ആളുകൾക്ക് നേരെ പോലീസ് സ്വീകരിച്ച നടപടി

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, കണ്ണൂർ ജില്ലയിൽ കണ്ണൂർ മുൻസിപ്പാലിറ്റിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ചേലോറ പഞ്ചായത്തിൽ അത് അവിടെ നിക്ഷേപിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനങ്ങൾ പ്രക്ഷോഭങ്ങൾ നടത്തുന്നുണ്ട്. അങ്ങനെ പ്രക്ഷോഭങ്ങൾ നടത്താൻ അവരെ പ്രേരിപ്പിച്ചത്. കഴിഞ്ഞ ആറുമാസക്കാലമായി ജില്ല അധികൃതരും മുൻസിപ്പൽ അധികൃതരും നൽകിയ ഉറപ്പ് ലംഘിച്ചതുകൊണ്ടാണ്. കുറെ നാളായി അവർ സമരത്തിലാണ്. പക്ഷെ കഴിഞ്ഞ 6-ാം തീയതി മാലിന്യങ്ങൾ നിറച്ച ലോറി തടഞ്ഞ സമരക്കാരോട് പോലീസ് സ്വീകരിച്ച നടപടി

LIBRARY ARCHIVES Kerala Legislative Assembly

ക്രൂരവും ആർക്കും അംഗീകരിക്കാൻ കഴിയാത്ത തരത്തിൽ നിന്ദ്യവുമായിരുന്നു. 6-ാം തീയതി രാവിലെ മാലിന്യങ്ങളുമായെത്തിയ ലോറി 286 ആളുകളും 42 കുട്ടികളും 36 സ്ത്രീകളും ഉൾപ്പെടെ തടഞ്ഞുവെച്ചു. സ്വാഭാവികമായും പോലീസ് അവരെ നീക്കം ചെയ്തു. പോലീസ് അവരെ കസ്റ്റഡിയിലെടുത്തു. അന്ന് പെരുമഴയായിരുന്നു. ആ പെരുമഴയത്ത് അവരെ ഒരു ചെറിയ സ്റ്റേഷനായ ചക്കരക്കല്ല് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി നിർത്തി. കയറി നിൽക്കാൻപോലും സ്ഥലമില്ലാത്തതാണ് ആ സ്റ്റേഷൻ. വൈകുന്നേരം എട്ടുമണിവരെ അവരെ അവിടെ നിർത്തി. ഇവരെ ഇങ്ങനെ നിർത്തേണ്ട ആവശ്യമുണ്ടോ കേസ് ചാർജ് ചെയ്യാനാണെങ്കിൽ കേസ് ചാർജ് ചെയ്തിട്ട് വിട്ടുകൂടേ, എന്നൊക്കെ പലരും ചോദിച്ചു. പക്ഷെ പോലീസ് അധികൃതർ അതിന് മെനക്കെട്ടില്ല. രാത്രി എട്ടുമണിക്ക് അവരെ കണ്ണൂർ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. അവിടെയും പരിമിതമായ സ്ഥലമെയുള്ളൂ. അപ്പോഴും പെരുമഴയായിരുന്നു. സ്ത്രീകളും ഉൾപ്പെടെയുള്ള ആളുകളെ പെരുമഴയത്ത് അവിടെയും നിർത്തി. അപ്പോഴേക്കും ഒന്നു രണ്ടു സ്ത്രീകൾ മോഹാലസ്യപ്പെട്ടു വീണു. രാവിലെ ആറുമണിക്ക് കസ്റ്റഡിയിലെടുത്ത അവർക്ക് രാത്രി പതിനൊന്നു മണിയായിട്ടും ഒരു തുള്ളിവെള്ളംപോലും കൊടുത്തില്ല. മോഹാലസ്യപ്പെട്ടവർക്ക് വെള്ളം കൊടുക്കാൻ സമ്മതിക്കണമെന്ന് പൊതുപ്രവർത്തകർ ആവശ്യപ്പെട്ടു. അതിനുപോലും സമ്മതിച്ചില്ല. എന്നിട്ട് അന്നു മുഴുവൻ അവരെ സ്റ്റേഷനിൽ കിടത്തി. പിറേന്ന് രാവിലെ കോടതിയിൽ കൊണ്ടുപോകാൻ കഴിയുമോ എന്ന് അന്വേഷിച്ചു. കോടതിയിൽ നിന്ന് ജാമ്യം കിട്ടുമോ എന്ന് ചോദിച്ചപ്പോഴും അതിനും തയ്യാറായില്ല. ഏറാവും ഒടുവിൽ നാലഞ്ചുകോടതികളിൽ അവരെ വാഹനത്തിൽ രാജ്യം മുഴുവൻ കറക്കി വൈകുന്നേരം അഞ്ചുമണിക്ക് തലശ്ശേരി കോടതിയിൽ കൊണ്ടുപോയി. അവിടെ നിന്ന് 122 പേരുടെ പേരിൽ മാത്രം കേസ് ചാർജ് ചെയ്തു. 122 പേർക്ക് മാത്രമേ കേസുള്ളുവെങ്കിൽ 286 പേരെ ഈ സമയമത്രയും കസ്റ്റഡിയിൽവെച്ച് എന്തിനുവേണ്ടി പീഡിപ്പിച്ചു എന്ന ചോദ്യത്തിന് ഉത്തരമില്ല. കേസില്ലാത്ത വ്യക്തികളെ അന്യായമായി ഇത്രയും ദീർഘനേരം കസ്റ്റഡിയിൽ വെച്ചിരുന്ന പോലീസിന്റെ നടപടി തെറ്റാണെന്ന് പറഞ്ഞ് അവിടെ ജനങ്ങൾ പ്രക്ഷോഭങ്ങൾ നടത്തി. പക്ഷെ ആ പ്രക്ഷോഭങ്ങളോടെല്ലാം കിരാതമായ സമീപനമാണ് പോലീസ് സ്വീകരിച്ചത്. അവരുടെ പേരിൽ കള്ളക്കേസ് എടുക്കുകയും സമരം ചെയ്യുന്നവരെ പീഡിപ്പിക്കുകയും ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ, ഇന്ന് ബില്ലിന്റെ ചർച്ചയാണ്. അതുകൊണ്ട് വളരെ ദീർഘിപ്പിക്കരുത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, അങ്ങനെ ക്രൂരമായി പെരുമാറിയ പോലീസിന്റെ നടപടി തെറ്റായിപ്പോയി. അങ്ങനെ അനാവശ്യമായി കേസില്ലാത്ത, കേസിൽ പ്രതികളല്ലാത്ത ആളുകളെ സ്ത്രീകളെ, അനാവശ്യമായി കസ്റ്റഡിയിൽവെച്ച പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുകയും പോലീസ് ഉദ്യോഗസ്ഥൻമാരെ പ്രതികാര ബുദ്ധിയോടുകൂടി കള്ളക്കേസ് എടുത്ത് നാട്ടുകാരെ പീഡിപ്പിക്കുന്ന നടപടിയിൽ നിന്നും പിൻമാറണമെന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്യണം. അവിടെ നിലവിലുള്ള പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുവാനുള്ള ഉന്നതതല തീരുമാനങ്ങൾ എടുക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കണ്ണൂർ മുനിസിപ്പാലിറ്റി വളപ്പിൽ നിന്ന് നീക്കം ചെയ്യുന്ന ചപ്പുചവറുകളും ചക്കരക്കല്ല് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ചേലോറ എന്ന സ്ഥലത്താണ് കഴിഞ്ഞ മുപ്പതു കൊല്ലക്കാലമായി നിക്ഷേപിക്കുന്നത്. അടുത്തകാലത്തായി സ്ഥലവാസികൾ അതിന് എതിരായിട്ട് സമരം സംഘടിപ്പിച്ചു. അവരുമായി ഒത്തുതീർപ്പ് ഉണ്ടാക്കാൻ വേറൊരു സ്ഥലം നിർദ്ദേശിച്ചു. പക്ഷെ അവിടെയുള്ള ആളുകളും അതിന് എതിരായിട്ട് സമരംചെയ്തു. അവസാനം ഈ സ്ഥലത്തുതന്നെ നിക്ഷേപിക്കുന്ന നടപടി തുടർന്നു. മുൻസിപ്പാലിറ്റിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ലോറിയിൽ കൊണ്ടുപോകുമ്പോൾ തടഞ്ഞ ആളുകളുടെ പേരിൽ കേസ് ചാർജ് ചെയ്തു. അവരെ അറസ്റ്റുചെയ്ത് ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനു മുമ്പാകെ അന്നു രാത്രിയിൽത്തന്നെ ഹാജരാക്കി. അദ്ദേഹം ഇവരെ പിറ്റെദിവസം കൊണ്ടുവരാൻ പറഞ്ഞു. തിരിച്ചു കൊണ്ടുപോയി പോലീസ് കസ്റ്റഡിയിൽ വയ്ക്കാൻ പ്രയാസമുണ്ടായിരുന്നു. കാരണം സ്ഥല സൗകര്യം കുറവായിരുന്നതാണ്. അതുകൊണ്ട് ഡി. എസ്. പി. തന്നെ നേരിട്ട് ചെന്ന് അവരെ സബ്ജയിലിൽ കൊണ്ടുപോകാനുള്ള അനുവാദം ചോദിച്ചു. അതിന് അനുവാദം കൊടുത്തില്ല. പിറ്റെദിവസം ഹാജരാക്കാൻ പറഞ്ഞു. അങ്ങനെ പിറ്റെദിവസം ഹാജരാക്കി. അവർക്ക് ജാമ്യം കൊടുക്കാതെ ഇപ്പോഴും അവർ ജുഡീഷ്യൽ കസ്റ്റഡിയിലിരിക്കുകയാണ്. ആ കാര്യത്തിൽ കോടതിയുടെ നിർദ്ദേശപ്രകാരം മാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ എന്നാണ് പോലീസിൽ നിന്ന് കിട്ടിയിട്ടിള്ള റിപ്പോർട്ട്. എന്തായാലും ഒരു മജിസ്ട്രേറ്റിനു മുമ്പിൽ ഹാജരാക്കിയിട്ടുള്ള കാര്യത്തിൽ തെറ്റായ നയമുണ്ടെന്ന് ഞാൻ കരുതുന്നില്ല. അങ്ങനെ വന്നാൽ അതിന്റെ സ്ഥിതി അവർ അനുഭവിക്കേണ്ടിവരും. അതുകൊണ്ട് ആ കാര്യത്തിൽ ഗവൺമെന്റിന് പ്രത്യേകമായ നിർദ്ദേശം കൊടുക്കാൻ ഇല്ല. അവരെ അറസ്റ്റ് ചെയ്ത് മജിസ്ട്രേറ്റിനു മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണ്.

(6) കേരളത്തിലെ പഞ്ചായത്തുജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിലെ അപാകതകൾ

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, കേരളത്തിൽ പഞ്ചായത്ത് ജീവനക്കാരെ ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് ജീവനക്കാരായി നിർത്തിയിരിക്കുന്നതുകൊണ്ട് മാറ് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ കിട്ടുന്ന ആനുകൂല്യങ്ങളോ പ്രൊമോഷൻ സാദ്ധ്യതകളോ സേവന വ്യവസ്ഥകളോ പഞ്ചായത്ത് ജീവനക്കാർക്ക് കിട്ടുന്നില്ലെന്ന ദുഃഖകരമായ സത്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഈ പ്രശ്നങ്ങൾക്ക് ഒരു ഏകീകരണം ഉണ്ടാക്കാൻ വകുപ്പുമന്ത്രി പന്ത്രണ്ടിൽപ്പരം കോൺഫറൻസുകൾ വിളിച്ചുകൂട്ടിയിട്ടുള്ളതായി അറിയുന്നു. പഞ്ചായത്ത് ഡയറക്ടറും പഞ്ചായത്ത് സെക്രട്ടറിയും ഉൾപ്പെട്ട ഉന്നതാധികാരികളുടെ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. 1983-ലും 1985-ലും മുഖ്യമന്ത്രി ഉൾപ്പെട്ട വകുപ്പുമന്ത്രിയും ജീവനക്കാരുടെ പ്രതിനിധികളും ചേർന്ന് ഓരോ ഒത്തുതീർപ്പുണ്ടായി. ആ ഒത്തുതീർപ്പ് ഇന്നുവരെ നടപ്പാക്കിയിട്ടില്ല. ആ തീരുമാനങ്ങൾ ഉദ്യോഗസ്ഥൻമാർ പൂഴ്ത്തിവെച്ചിരിക്കയാണ്. കണ്ടിൻജൻസി ജീവനക്കാർക്ക് സേവന വ്യവസ്ഥകൾ നൽകുന്ന വേജ് റിപ്പോർട്ടും രണ്ടു വർഷം കഴിഞ്ഞിട്ടും പുറത്തുവന്നിട്ടില്ല. ആ സ്ഥാപനത്തിൽ പഞ്ചായത്ത് ജീവനക്കാർ അനുഭവിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly